# Kerala SSLC Exam March 2023

## Malayalam I Answer Key

Prepared by
Suresh Areekode Sir

| Qn No | Ans |
|---|---|
| 1 | ലോകം നശ്വരമെന്നറിഞ്ഞിട്ടും മനുഷ്യൻ ജീവിത സുഖാസക്തിയിൽ മുഴുകുന്നു. |
| 2 | യൌവനം |
| 3 | അഹംഭാവം |
| 4 | ദസ്തയേവ്സ്കി |
| 5 | മന്ത്രത്തിന്റെ ഉച്ചാരണം |
| 6 | • കഴിഞ്ഞ കാലത്തെ മാഡം തലത്തിന്റെ ജീവിതം മിസ്റ്റർ തലത്തിന് വേണ്ടി രൂപപ്പെടുത്തിയതായിരുന്നു.<br>• കാലം മാറിയപ്പോൾ മാഡം എന്ന സംബോധന പോലും അവർ ഇഷ്ടപ്പെടുന്നില്ല<br>• മിസ്റ്റർ തലത്തിനോടൊപ്പം ജീവിച്ചതിൽനിന്നും വ്യത്യസ്തമായി , താഴത്ത് കുഞ്ഞികുട്ടിയമ്മയായി മാത്രം ജീവിക്കാൻ ആഗ്രഹിക്കുന്നു. |
| 7 | • മുത്തിത്തള്ളയുടെ അനുഭവങ്ങൾ , ഭാഷാപരമായ മേന്മ, വൈകാരികത,ആത്മാർഥത ചേർത്ത് എഴുതി ഹൃദ്യമായ എഴുത്താക്കി മാറ്റാൻ എഴുത്തുകാരന് സാധിച്ചു.<br>• വൃദ്ധക്ക് വേണ്ടി എസ്.കെ പൊറ്റക്കാട് എഴുതിയ കത്ത് മകനെ സ്വാധീനിച്ചു. ആദ്യം അമ്മയ്ക്ക് മണിയോർഡർ അയച്ചു.പിന്നീട് ഒരിക്കൽ കാണാൻ വന്നു. |
| 8 | • ദുഃഖം, മരണം എന്നിവ അടയാളപ്പെടുത്തുന്ന വാക്യങ്ങളാണ്.<br>• ദാരിദ്ര്യത്തിലും അപകടകരമായ സാഹചര്യത്തിലും ജീവിക്കാൻ<br>• വിധിക്കപ്പെടുന്നവരുടെ പ്രയാസങ്ങൾ ഏറ്റുവാങ്ങുന്ന കുടുംബചിത്രം<br>• ഹൃദ്യമായ അവതരണം. ഗദ്യഭാഷയുടെ കാവ്യാത്മകത |
| 9 | • മുദ്രമോതിരത്തെ കുറിച്ചാണ് സൂചന<br>• നഷ്ടപ്പെട്ട മുദ്ര മോതിരം കാണുന്നു<br>• ഈ മോതിരം വൈഷമ്യക്കാരനാണ് ശകുന്തള പറയുന്നു<br>• ദുഷ്യന്തന്റെ ഭാര്യയാണെന്ന് തെളിയിക്കാൻ മോതിരം ആവശ്യമായി വന്നപ്പോൾ പ്രയോജനപ്പെട്ടില്ല<br>• ദുഷ്യന്തൻ ശകുന്തളയെ തിരിച്ചറിയാൻ കഴിയാതെ തിരസ്കരിച്ചത്<br>• ശകുന്തള അനുഭവിച്ച ദുഃഖങ്ങൾ<br>• ആവശ്യത്തിന് ഉപകരിക്കാത്തതിനാൽ വൈഷമ്യക്കാരൻ |
| 10 | • വരികൾ താരതമ്യം ചെയ്തിട്ടുണ്ട്.<br>• സാമ്യ വ്യത്യാസങ്ങൾ കണ്ടെത്തിയിട്ടുണ്ട്<br>• നളിനി ദിവാകരനെ തന്നെ ഓർത്ത്കൊണ്ട് താപസജീവിതം നയിക്കുകയായിരുന്നു<br>• ദിവാകരൻ ഓർത്താലും ഇല്ലെങ്കിലും നളിനി ഭാഗ്യവതിയാണെന്ന് അവൾ പറയുന്നു. |

| | |
|---|---|
| | • ദിവാകരൻ നാടുവിടുമ്പോൾ നളിനിയ്ക്ക് ഉണ്ടായിരുന്ന സ്വഭാവങ്ങൾ ഇന്നും അവളിൽ കാണുന്നു.<br>• ഇഷ്ടപ്പെടാത്ത രീതിയിലുള്ള ഏതു കാര്യത്തിനും അവൾ കരയുമായിരുന്നു ഇന്നും അതിൽ മാറ്റമില്ല.<br>• പ്രണയചാപല്യത്തിൽ മാറ്റമില്ല. നളിനിയുടേത് നിഷ്കളങ്കവും നിസ്വാർഥവുമായ പ്രണയമായിരുന്നു.<br>• ദിവാകരൻ വീട് വിട്ട് പോകുന്ന കാലത്ത് നളിനി ഒരു ഇളം കുരുന്നായിരുന്നു.<br>• ഇപ്പോൾ തളിർത്ത വള്ളിയായി( യൌവനം)<br>• ദിവാകരന്റേത്- പരിശുദ്ധ പ്രണയം , പക്വതയാർന്ന നിലപാട്. |
| 11 | • കടൽത്തീരത്ത് - വെള്ളായിയപ്പൻ - ജയിലിലെത്തുന്ന സന്ദർഭം.<br>• കുറ്റവാളികളെ കാണാനെത്തുന്ന ഒരു സന്ദർശകൻ മാത്രമായാണ് വെള്ളായിയെ കണ്ടത്<br>• ആദ്യ സമീപനത്തിൽ അധികാരത്തിന്റെ ക്രൂരഭാവം.<br>• എഴുത്ത് വായിക്കുമ്പോൾ പാറാവുക്കാരനിൽ ഉണ്ടാവുന്ന ഭാവമാററം.<br>• കണ്ടുണ്ണിയുടെ മരണവാറണ്ടായിരുന്നു എഴുത്ത്<br>• മകനെ നഷ്ടപ്പെടാൻ പോകുന്ന നിസ്സഹായനായ അച്ഛന്റെ ഭാവം പാറാവുകാരന്റെ മനസ്സിനെ കനിവുറ്റതാക്കുന്നു. |
| 12 | • യുദ്ധത്തിന് മുൻപ് ഇരു പക്ഷവും തമ്മിലുള്ള കരാർ പാലിക്കപ്പെട്ടിട്ടില്ല<br>• ധർമ്മയുദ്ധം, അധർമ്മയുദ്ധമായി മാറുന്നു.<br>• ദുര്യോധനന്റെ തുടയെല്ല് ഭീമൻ തകർക്കുന്നത് -.<br>• ശ്രീകൃഷ്ണന്റെ സഹായം - ധർമ്മയുദ്ധം പരാജയമാകുന്നത്<br>• യുദ്ധത്തിന്റെ നേരും നെറിയും ലംഘിച്ച പാണ്ഡവർ<br>• ദുര്യോധന പക്ഷത്തുള്ളവരെ ചതി പ്രയോഗത്തിലൂടെ പടക്കളത്തിൽ വീഴ്ത്തി<br>• ഏറ്റവും നല്ല മരണമാണ് തനിക്ക് ലഭിച്ചതെന്ന ആത്മവിശ്വാസമുള്ള കഥാപാത്രമാകുന്നു. |
| 13 | • തീക്ഷ്ണമായ ജീവിതാനുഭവങ്ങൾ രചനകളെ ഭാവതീവ്രമാക്കുന്നു.<br>• ബാല്യത്തിൽ അനുഭവിച്ച ദാരിദ്ര്യം ചപ്പും ചവറും പെറുക്കി ജീവിതം മുന്നോട്ട് കൊണ്ടുപോകുന്നു.<br>• ജാതീയവും വംശീയവുമായ വിവേചനം ചവറിന് മനുഷ്യനെക്കാൾ വില.<br>• ദലിത് വിഭാഗത്തിന്റെ ദയനീയമായ ജീവിത സാഹചര്യം<br>• വിശപ്പിന്റെ കാഠിന്യം, - വിശപ്പകറ്റാനുള്ളത് ചപ്പുചവറിൽനിന്ന് കിട്ടുന്നില്ല<br>• വെല്ലുവിളികളെയും ദുരിതങ്ങളെയും സാഹിത്യ രചനയ്ക്കുള്ള മഷിപ്പാത്രമാക്കി വിജയത്തിലേക്ക് നടന്ന് കയറി. |
| 14 | • സർഗ ശക്തിയെ നിയന്ത്രിക്കാൻ ദൈവങ്ങൾ ശ്രദ്ധിച്ചത്<br>• കുതിരയെ നിയന്ത്രിച്ച് തനിക്ക് യാത്രാവാഹനമാക്കാൻ ശ്രമിച്ചു. |

| | |
|---|---|
| | • അധികാരം സർഗശക്തിയെ തടയാൻ ഒരുമ്പെട്ടു. - സേനകൾ തടയുന്നു.<br>• തത്വജ്ഞാനികൾ യോഗദണ്ഡിൽ സർഗ്ഗശക്തി/സർഗ്ഗശ്ശേഷിയെ തടയാനൊരുങ്ങി<br>• മതം, അധികാരം, ഏകാധിപത്യം, തത്വജ്ഞാനം എന്നിവ സർഗ്ഗശ്ശേഷിയെ കാലാന്തരത്തിൽ പ്രയോജനപ്പെടുത്തി |
| 15 | • കഥാപാത്രത്തെ പരിചയപ്പെടുത്തിയിട്ടുണ്ട്.<br>• സവിശേഷതകൾ കണ്ടെത്തിയിട്ടുണ്ട്.<br>• അഭയം നൽകിയ ഭവനത്തിൽനിന്നുള്ള മോഷണം<br>• മോഷണത്തിലെ സൂക്ഷ്മതയും ജാഗ്രതയും<br>• പിന്നീട് മോഷണ മുതലുമായി പിടിക്കപ്പെടുന്നത്<br>• മെത്രാന്റെ മുമ്പിൽ ഹാജരാകുന്നത് - ഴാങിന്റെ ദയനീയാവസ്ഥ<br>• ഭയത്താൽ വിളറിയ ഴാങ് വാൽഴാങ്<br>• ഉപ്പുകൊണ്ടുള്ള പ്രതിമപോലെ - എന്ന പ്രയോഗം ഴാങ്ങും തമ്മിലുള്ള ബന്ധം<br>• ചെറിയ കുറ്റത്തിന് മാപ്പുനൽകുന്ന സ്നേഹത്തിന്റെ വ്യവസ്ഥ തിരിച്ചറിയുന്ന കഥാപാത്രമായി മാറുന്നു. |
| 16 | • ശീർഷകം - ലഹരിക്കെതിരെ ഒന്നിക്കാം<br>• മുഖപ്രസംഗം - ഘടന പാലിച്ചിട്ടുണ്ട്.<br>• മൈക്കലാഞ്ജലോ മാപ്പ് - സന്ദർഭം വിശദമാക്കിയിട്ടുണ്ട്.<br>• ലഹരിക്കടിമപ്പെട്ട യുവാവ് , 'പിയത്ത' ശില്പം തകർക്കുന്നത്<br>• സാംസ്ക്കാരിക അധ:പതനം, മൂല്യച്യുതി- പൈശാചികമായ പ്രവൃത്തി<br>• സുഗതകുമാരി ടീച്ചറുടെ വരികൾ - ലഹരിക്കടിമയാകുന്ന യുവാക്കളുടെ അവസ്ഥ<br>• ബന്ധങ്ങൾ, ഇഷ്ടങ്ങൾ , വൈകാരിക ബന്ധം , ഉത്തരവാദിത്വം , മൂല്യങ്ങൾ നഷ്ടമാകുന്നത്<br>• അനുകാലിക സംഭവങ്ങൾ - പരാമർശം<br>• ലഹരി മാഫിയയുടെ തേരോട്ടം -ഹോമിക്കപ്പെട്ട ആൺ/പെൺ തലമുറ. |
| 17 | • ആസ്വാദന കുറിപ്പ്<br>• ശീർഷകം<br>• പ്രധാനാശയം<br>• ആസ്വാദനാംശങ്ങൾ കണ്ടെത്തിയിട്ടുണ്ട്<br>• കവി, കവിതാ പരിചയം<br>• ഓണം - മധുര സ്മരണകൾ<br>• ഓണകാലം - മലയാളത്തിന്റെ സംഭാവനകൾ,നന്മകൾ,തിന്മകൾ<br>• സമത്വ സുന്ദരമായ ഓണക്കാലത്തിന്റെ പൊലിപ്പാർന്ന ഓർമ്മകൾ<br>• അലങ്കാര ഭംഗി, ഇഷ്ടപ്പെട്ട വരികൾ ചേർത്ത അവതരണം |